# പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 59 — 10-12-2012-ന് മറുപടി നൽകേണ്ടത്

## സർക്കാർ ഉത്തരവുകൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നത്

**ചോദ്യം**

ശ്രീ. എ. പ്രദീപ്കുമാർ

**ഉത്തരം**

ശ്രീ. ഉമ്മൻചാണ്ടി

(മുഖ്യമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | സർക്കാർ ഉത്തരവുകൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; ഈ പ്രഖ്യാപനം നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ)&(ബി) നൂറുദിന കർമ്മപദ്ധതിയുടെ ഭാഗമായി എല്ലാ സർക്കാർ ഉത്തരവുകളും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇത് പ്രാവർത്തികമാക്കിയിട്ടുമുണ്ട്. എന്നാൽ പൊതു പ്രാധാന്യമില്ലാത്ത ഉത്തരവുകൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല |
| (ബി) | പ്രഖ്യാപനത്തിനുശേഷം ഇതുവരെ സർക്കാരിന്റെ എല്ലാ വകുപ്പുകളിൽ നിന്നും പുറപ്പെടുവിച്ച ഉത്തരവുകൾ വെബ്സൈറ്റിൽ നല്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; | |
| (സി) | ഓരോ സർക്കാർ വകുപ്പും പുറപ്പെടുവിച്ച ഉത്തരവുകൾ എത്ര വീതമാണെന്നും അവയിൽ നാളിതുവരെ വെബ്സൈറ്റിൽ നല്കാത്തവ എത്രയാണെന്നും വിശദമാക്കാമോ; | (സി) വിവരം ശേഖരിച്ചുവരുന്നു |
| (ഡി) | സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ എത്ര നാൾക്കകം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; അത് പാലിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നുണ്ടോ; | (ഡി) സർക്കാർ ഉത്തരവുകൾ ഇത്രനാൾക്കകം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടില്ല |
| (ഇ) | മുഖ്യമന്ത്രി നേരിട്ട് കൈകാര്യം ചെയ്യുന്ന വകുപ്പുകളിൽനിന്നും ഇറക്കിയ എല്ലാ ഉത്തരവുകളും വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; പ്രസിദ്ധീകരിക്കാത്തവ എത്ര: വിശദമാക്കാമോ? | (ഇ) വിവരം ശേഖരിച്ചുവരുന്നു |

സെക്ഷൻ ഓഫീസർ